## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ T.V IAS)

വിഷയം :വനിതാ ശിശുവികസന വകുപ്പ് - സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി – മലപ്പുറം , കണ്ണൂർ ജില്ലകളിലെ നവീകരണ പ്രവർത്തനത്തിന് അനുമതി നൽകിയും ഫണ്ട് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1): സ.ഉ.(സാധാ) നം.335/2021/സാനീവ. തീയതി : 21/5/21.

2): ഈ കാര്യാലയത്തിലെ 06.05.2021,18.06.2021 എന്നീ തിയ്യതികളിലെ ICDS /B1-39936/13 ഇതേ നമ്പർ കത്തുകൾ .

3): ഈ കാര്യാലയത്തിലെ 12.10.2021,08.11.2021 എന്നീ തിയ്യതികളിലെ ICDS /B1-15052/21 ഇതേ നമ്പർ ഉത്തരവുകൾ .

4): മലപ്പുറം പ്രോഗ്രാം ഓഫീസറുടെ 03.09.2021, 25.09.2021 എന്നീ തിയ്യതികളിലെ ബി -413 നമ്പർ കത്തുകൾ.

5): കണ്ണൂർ പ്രോഗ്രാം ഓഫീസറുടെ 23.11.2021 ലെ PO/KNR/B-1797/21 ബി -1797 നമ്പർ കത്ത്.

---

**ഉത്തരവ് നം. ICDS/B1/15052/21** **തീയതി: 06.12.2021**

---

വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ഐ സി ഡി എസ് പദ്ധതി മുഖേന പ്രത്യേക പരിരക്ഷ നൽകുന്നതിനായി മെച്ചപ്പെട്ട ഭൗതീക സാഹചര്യമുള്ളതും വിഭിന്നശേഷിയുള്ള കുട്ടികൾക്ക് എത്തിച്ചേരാൻ യാത്രാ സൗകര്യവുമുള്ള അങ്കണവാടികളെ (വിവിധ പഞ്ചായത്തുകളിൽ നിന്നും) തെരെഞ്ഞെടുത്ത് സവിശേഷ അങ്കണവാടികളാക്കി മാറ്റുന്നതിനും പ്രസ്തുത അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനവും കുട്ടികളുടെ മാനസിക ആരോഗ്യ പരിരക്ഷ സംബന്ധിച്ച് മാതാ പിതാക്കൾക്ക് വിദഗ്ധർ മുഖേന കൗൺസിലിംഗ് നൽകുന്നതിനും ടി അങ്കണവാടികളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം ലഭ്യമാക്കിക്കൊണ്ട് സ്പെഷ്യൽ അങ്കണവാടി പദ്ധതി നടപ്പിലാക്കുന്നതിനും പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട് .

സംസ്ഥാനത്തിലെ 142 അങ്കണവാടികളെ തെരെഞ്ഞെടുത്ത് barrier free accessibility സൗകര്യം ഒരുക്കുന്നതിനും വിഭിന്നശേഷി സൗഹൃദമാക്കുന്നതിനുമായി ഒരു അങ്കണവാടിക്ക് 2 ലക്ഷം രൂപ നിരക്കിൽ വിനിയോഗിക്കുന്നതിനും പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി വിവിധ ജില്ലകളിൽ

നിന്നും ലഭ്യമായിട്ടുള്ള 80 അങ്കണവാടികളുടെ പ്രൊപ്പോസലുകൾക്ക് പരാമർശം (3) പ്രകാരം ഇതിനോടകം അനുമതി നൽകിയിട്ടുണ്ട്.

<u>സ്പെഷ്യൽ അങ്കണവാടികൾക്ക് barrier free access facililty സൗകര്യം ഒരുക്കുന്നതിനായി ചെലവഴിക്കാവുന്ന ഫണ്ടിന്റെ വിശദാംശം.</u>

| | |
|---|---|
| Construction of ramp, disabled friendly toilet, Partitions, Handrails, and Allied construction for making barrier free | Rs.1,00,000.00/- |
| Purchase of special furnitures, wheel chair, other equipments, landscaping, play area and allied works | Rs.1,00,000.00/- |
| TOTAL | **<u>Rs.200000.00/-Per Anganwadi</u>** |

ഇത്തരത്തിൽ സ്പെഷ്യൽ അങ്കണവാടികൾക്ക് ഭൗതീക സാഹചര്യം ഒരുക്കുന്നതിനായി മലപ്പുറം ,കണ്ണൂർ ജില്ലകളിൽ നിന്നും 4 അങ്കണവാടികളെ (മലപ്പുറം-2 ,കണ്ണൂർ-2) CDPO മുഖാന്തിരം കണ്ടെത്തിയിരുന്നു . ടി പ്രൊപ്പോസലുകൾ അംഗീകരിച്ചുകൊണ്ട് ഓരോ അങ്കണവാടികൾക്കും 2 ലക്ഷം രൂപ നിരക്കിൽ ആകെ 8,00,000/- രൂപയിൽ (എട്ട് ലക്ഷം രൂപ മാത്രം) കേന്ദ്ര വിഹിതമായ (60%) 4,80,000/-രൂപ (നാല് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) 2235-02-102-33(01) Plan ശീർഷകത്തിൽ നിന്നും, സംസ്ഥാന വിഹിതമായ (40%) 3,20,000/-രൂപ (മൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) 2235-02-102-33 (02) P ശീർഷകത്തിൽ നിന്നും മലപ്പുറം ,കണ്ണൂർ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് ലഭ്യമാക്കുന്ന തുക ചുവടെ പറയും പ്രകാരം ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അടിയന്തിരമായി അനുവദിക്കേണ്ടതാണ് .

| SI No | Name of district | Name of project | Name of Panchayath/ Muncipality | Angan wadi center no | Amount allotted to CDPO | | |
|---|---|---|---|---|---|---|---|
| | | | | | Central share(60%) 2235-02-102-33(01) Plan | State share (40%)2235-02-102-33(01) Plan | Total amount allotted |
| 1 | Malappuram | Areacode | Keezhuparambu, ward-1 | 38 | 120000 | 80,000 | 200000 |
| 2 | | Thiroorangadi | Thiroorangadi municipality, ward-28 | 93 | 120000 | 80,000 | 200000 |
| **TOTAL** | | | | | **240,000** | **160000** | 400000 |
| 3 | Kannur | Panoor | Pannyannor panchayath, ward-3 | 85 | 120000 | 80,000 | 200000 |
| 4 | | Koothuparambu | Kottayam, | 96 | 120000 | 80,000 | 200000 |
| **TOTAL** | | | | | **240,000** | **160000** | 400000 |

സ്പെഷ്യൽ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെട്ട സിവിൽ വർക്കുകൾ LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർവ്വഹിക്കേണ്ടതാണ് .നവീകരണ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് LSGD എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും കരാർ തുകയുള്ള ഫൈനൽ ബില്ലുകൾ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസർ കരാറുകാരന് തുക അനുവദിക്കേണ്ടതാണ്.

സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായുള്ള വാങ്ങലുകൾ സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ,സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് സി .ഡി.പി. ഒ മാർ നേരിട്ടോ അക്രെഡിറ്റസ് ഏജൻസികൾ മുഖാന്തിരമോ വാങ്ങാവുന്നതാണ് . പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുള്ള 2 ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം ആയത് സൂപ്പർവൈസർ മുഖേന ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക പ്രോജക്ട് മുഖേന കണ്ടെത്തുന്നതിന് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ് .

പ്രോഗ്രാം ഓഫീസർ കൃത്യമായ ഇടവേളകളിൽ പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അവലോകനം നടത്തി നിശ്ചിത സമയത്തിനുള്ളിൽ അങ്കണവാടികളുടെ നവീകരണം പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കി സാക്ഷ്യപത്രം,റിപ്പോർട്ട്, ക്രോഡീകരിച്ച യു സി എന്നിവ ഈ

കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തി നിശ്ചയമായും 2021-22 സാമ്പത്തിക വർഷത്തിനകം തന്നെ പൂർത്തിയാക്കേണ്ടതാണ്. ആയതിന് CDPO മാർ തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികളുമായി നേരിൽ ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണത്തിന് നടപടി സ്വീകരിക്കേണ്ടതാണ് .

(ഒപ്പ്)
**വനിത ശിശുവികസന ഡയറക്ടർ**

ജില്ലാ വനിത ശിശു വികസന ഓഫീസർ, മലപ്പുറം ,കണ്ണൂർ
പകർപ്പ്:

1) പ്രോഗ്രാം ഓഫീസർ, മലപ്പുറം ,കണ്ണൂർ
2) ബന്ധപ്പെട്ട CDPO മാർക്കും.
3) ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ മേധാവിക്ക് (സി.ഡി .പി .ഒ മുഖാന്തിരം )
4) സൂപ്രണ്ട് (എ) സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിനായി)
5) സൂപ്രണ്ട് പ്ലാനിംഗ് സെക്ഷൻ
6) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**